**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4537** **06-03-2023 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എ. രാജ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സർക്കാർ പ്രത്യേക നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി സഹകരണ വകുപ്പ് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുമായി സംയുക്തമായി പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പട്ടികജാതി – പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ വിവിധ സ്കീമുകളിൽ പ്രസ്തുത സംഘങ്ങൾക്ക് ഓഹരി, സബ്സിഡി ധനസഹായം നൽകി വരുന്നു. കൂടാതെ ടി പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘങ്ങളെ സാമ്പത്തികമായി സ്വയം പര്യാപ്തമാക്കുന്നതിന് ലക്ഷ്യമിട്ടു കൊണ്ട് പുനർജ്ജനി പദ്ധതി 2022-23 മുതൽ നടപ്പാക്കുന്നു.<br><br>സംസ്ഥാനത്തെ പട്ടികജാതി – പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സഹകരണ വകുപ്പും, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുമായി സംയുക്തമായി പദ്ധതികളാവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ട്. ഇതു സംബന്ധിച്ച് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ്, സഹകരണ വകുപ്പ മന്ത്രിമാരുടെ നേതൃത്വത്തിൽ രണ്ട് വകുപ്പുകളുടേയും ഒരു യോഗം 08/02/2023 ന് ചേർന്നിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇതിന്റെ ഭാഗമായി പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനും, ടിയാളുകൾക്ക് നൈപുണ്യ വികസന പരിശീലനം നൽകി സംഘങ്ങളുടെ പ്രവർത്തനം പുതിയ തൊഴിൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | സഹകരണ പരിശീലന കോഴ്സ് (ജെ.ഡി.സി., എച്ച്.ഡി.സി.) വിജയിച്ച പട്ടികജാതി, പട്ടികവർഗ്ഗ | (ബി) | പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ ജെ.ഡി.സി, എച്ച്.ഡി.സി പാസ്സായ ഉദ്യോഗാർത്ഥികൾക്ക് |

| | | | |
|---|---|---|---|
| | വിഭാഗങ്ങളിൽപ്പെട്ടവർക്ക് സഹകരണ സ്ഥാപനങ്ങളിൽ അപ്രന്റീസ്ഷിപ്പ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ? | | പട്ടികജാതി – പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും സ്റ്റൈപ്പെന്റ് നൽകിക്കൊണ്ട് രണ്ട് വർഷക്കാലയളവിൽ സഹകരണ സ്ഥാപനങ്ങളിൽ സേവനം ലഭ്യമാക്കുന്ന രീതിയിൽ ഒരു പരിശീലന പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പട്ടികജാതി – പട്ടികവർഗ്ഗ മേഖലയിൽ നിന്നുള്ള ഉദ്യോഗാർത്ഥികളുടെ നൈപുണ്യവികസനമാണ് പ്രസ്തുത പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. അതിലൂടെ അവരെ സഹകരണ സ്ഥാപനങ്ങളിലേയ്ക്ക് ആകർഷിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ